(ബി) എങ്കിൽ ഏതെല്ലാം റോഡുകൾ എന്ന് പറയുമോ ;

(സി) പ്രസ്തുത റോഡുകളുടെ വികസന പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) (1) പനമരം എൽ.പി. സ്കൂൾ നീരാട്ടി വിളംപുകണ്ടം റോഡ്.

(2) മാനന്തവാടി-വിമലനഗർ കുളത്തട വാളാട് റോഡ്

(3) കെല്ലൂർ ചേരിയം കൊല്ലി കഴംക്കോലടി വിളംപുകണ്ടം കുംപളക്കാട് റോഡ്.

(4) പനമരം നെല്ലിയംപം റോഡ്.

(സി) അടുത്ത വർഷത്തെ ബഡ്ജറ്റിലെ വിഹിതമനുസരിച്ച് ഭരണാനുമതി നൽകി റോഡ് വികസന ജോലികൾ ആരംഭിക്കുന്നതാണ്.

കല്ലുവാതുക്കൽ ജംഗ്ഷൻ നാലുവരി പാത

71 [669] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നാഷണൽ ഹൈവേയിലെ കല്ലുവാതുക്കൽ ജംഗ്ഷൻ നാലുവരി പാതയാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

കല്ലുവാതുക്കൽ ജംഗ്ഷൻ ഉൾപ്പെടുന്ന ചേർത്തല മുതൽ കളിയിക്കാവിള വരെയുള്ള എൻ. എച്ച്. 47 നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള സർവ്വേ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ പ്രസ്തുത ജംഗ്ഷൻ വികസിപ്പിക്കുന്നതിനുവേണ്ടി 49.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 670 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രധാന കെട്ടിട നിർമ്മാണം ആരംഭിക്കാൻ നടപടി

72 [671] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന് പ്രധാന കെട്ടിടം നിർമ്മിക്കുന്നതിന് 2004-05-ലെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടും പ്രസ്തുത പ്രവൃത്തി ഇതേവരെ തുടങ്ങാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly